
ഗവ.ജെ.ബി.എസ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ. ജെ.ബി.എസ്. കുന്നുകര

## 2025 – 2026

# ആമുഖം

ഗവ: ജൂനിയർ ബേസിക് സ്കൂൾ (JBS) കുന്നുകര – അറിവിന്റേയും വിശ്വാസത്തിന്റെയും ഒരുമയുടെയും നിറകുടമായ മാതൃകാ വിദ്യാലയം. അങ്കമാലി ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ പ്രാഥമിക വിദ്യാലയം. പഠനമികവിലും കലാകായിക മത്സരങ്ങളിലും എന്നും മുന്നിൽ. സമൂഹത്തിന്റെ പല ഉന്നത സ്ഥാനങ്ങളിലും JBS ന്റെ പൂർവ്വ വിദ്യാർത്ഥികൾ.

ഈ നേട്ടങ്ങൾ ഓരോന്നും കൈവരിച്ചിട്ടുള്ളത് അർപ്പണ മനോഭാവത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായിട്ടായിരുന്നു. മാറുന്ന സാഹചര്യങ്ങളിൽ എന്നും വേറിട്ട് ചിന്തിക്കാനും അത് തങ്ങളുടെ കുട്ടികൾക്കും വിദ്യാലയത്തിനും മുതൽക്കൂട്ടാകാനും ഈ വിദ്യാലയത്തിടല ഗുരുനാഥർക്ക് കഴിഞ്ഞിട്ടുണ്ട്. അതിന് രക്ഷകർത്താക്കളുടെയും ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും നിർലോഭമായ സഹകരണവും പിന്തുണയും എന്നും ഉണ്ടായിട്ടുണ്ട്. PTA, SMC, MPTA, OSA എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അതിന്റെ ഫലമായി കേവലം 23 കുട്ടികളും 2 അധ്യാപകരുമായി ആരംഭിച്ച സ്കൂൾ ഇന്ന് അഞ്ഞൂറിലധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയമായി തല ഉയർത്തി നിൽക്കുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി മൂന്നുകോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിടം കൂടി വന്നതോടെ അടിസ്ഥാനസൗകര്യ വികസനത്തിൽ വൻ കുതിപ്പാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ എസ്.എസ്.കെ.യുടെ പ്രീമോഡൽ സ്കൂൾ പദ്ധതിയിലൂടെ പതിനഞ്ച് ലക്ഷം രൂപ മുടക്കി പാർക്കും ഇതര സൗകര്യങ്ങളും കൂടി ആയതോടെ ജില്ലയിൽ തന്നെ മാതൃകയാൽ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

ഒരു കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാലയ വികസനപദ്ധതി ലക്ഷ്യമിടുന്നത്. ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികളും കഴിവുകളും ധാരണകളും നോടി എന്ന് ഉറപ്പു വരുത്തുക. കണക്ക്, ശാസ്ത്രം, ഐ.ടി എന്നീ വിഷയങ്ങളിലെ വൈദഗ്ധ്യവും ആശയ വിനിമയശേഷിയും ഭാഷാ പരിജ്ഞാനവും, സർഗാത്മകമായ കഴിവുകളുടെ വികാസം, പഠനനിലവാരം ഉയർത്തുന്നതിന് സഹായകരമായ ഭൗതീക സാംസ്കാരിക സൗകര്യങ്ങൾ, കാർഷിക സംസ്കാരം വളർത്തിയെടുക്കൽ, മാലിന്യ സംസ്കരണം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തൽ, ലഹരി വിമുക്ത മനോഭാവം, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം, വിദ്യാലയാന്തരീക്ഷം തന്നെ പാഠപുസ്തകമാക്കൽ, വിദ്യാലയ ലൈബ്രറിയുടെ ആധുനികവത്ക്കരിക്കൽ, കലാകായിക സംസ്കാരം വളർത്തുന്നതിന് ആവശ്യമായ സൗകര്യമൊരുക്കൽ തുടങ്ങിയവയാണ് വിദ്യാലയ വികസനപദ്ധതി ലക്ഷ്യമിടുന്നത്.

## ചരിത്രവഴികളിലൂടെ

പണ്ട് ആലങ്ങാട് സ്വരൂപം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു നാട്ടുരാജ്യമായിരുന്നു ആലങ്ങാട്. അയിരൂർ, ചെങ്ങമനാട്, ആലങ്ങാട് വില്ലേജുകൾ കൂടിയതായിരുന്നു ഈ നാട്ടുരാജ്യം. അതിൽ ഒന്നാണ് അയിരൂർ വില്ലേജ് എന്ന് അറിയപ്പെട്ടിരുന്ന

ഇപ്പോഴത്തെ കുന്നുകര വില്ലേജ്.

തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് 1904 ഏപ്രിൽ ഇരുപതാം തീയതി മഹാരാജാവ് പെരിയാറിലൂടെ പള്ളിയോടത്തിൽ എത്തി സ്ഥാപിച്ചതാണ് ഗവ.ജെ.ബി.എസ്. പത്ത് സെന്റ് സ്ഥലവും ചെറിയ ഒരു ഓല ഷെഡും ആയിരുന്നു അന്ന് ഉണ്ടായിരുന്നത്. 23 കുട്ടികളും 2 അദ്ധ്യാപകരും ആണ് ഉണ്ടായിരുന്നത്. ചന്ദ്രത്തിൽ ഗോവിന്ദൻ കർത്ത ആയിരുന്നു ആദ്യത്തെ പ്രധാനഅദ്ധ്യാപകൻ.

ഗാന്ധിജിയുടെ നൂൽ നൂൽപ്പിന് പ്രാധാന്യം നൽകി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമായാണ് സ്കൂൾ ആരംഭിച്ചത്. ഗവ. ജെ.ബി.എസ്. അയിരൂർ എന്നായിരുന്നു ആദ്യ പേര്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

സാധാരണക്കാരായ രക്ഷാകർത്താക്കളുടെ കുട്ടികൾ പഠിക്കുന്ന ഒരു സർക്കാർ വിദ്യാലയം എന്ന നിലയിൽ കേരളത്തിലെ തന്നെ മികച്ച സ്കൂൾ ആണ് ജെ.ബി.എസ്. കുന്നുകര.

അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പ്രീപ്രൈമറി മുതൽ IV-ാം ക്ലാസ് വരെ പഠിക്കുന്നു. ഒരു സർക്കാർ വിദ്യാലയം എന്ന നിലയിൽ അഞ്ഞൂറിലധികം കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്നത് സ്കൂളിന്റെ അക്കാദമിക മികവിനെയാണ് കാണിക്കുന്നത്. ഭൗതീകപരമായ കാര്യങ്ങളിൽ ഒട്ടേറെ പരിമിതികൾ നേരിടുമ്പോഴും അക്കാദമിക കാര്യങ്ങളിൽ സ്കൂൾ മികവ് പുലർത്തുന്നു.

LSS അക്ഷരമുറ്റം ക്വിസ്, പഞ്ചായത്തുതല മികവ്, പഞ്ചായത്തുതല വിവിധ ക്വിസുകൾ എന്നിവയിൽ എല്ലാം മികച്ച സ്ഥാനങ്ങൾ നേടി സ്കൂൾ മികവ് പുലർത്തുന്നു. പന്ത്രണ്ട് വർഷത്തിലധികമായി അറബി കലോത്സവത്തിൽ ഓവറോൾ നേടിയും കലാ മേളകൾ, കലോത്സവങ്ങൾ എന്നിവയിൽ മികച്ച പ്രകടനങ്ങൾ കാഴ്ച വെച്ചും ജെ.ബി.എസ്. മുന്നേറിക്കൊണ്ടിരിക്കുന്നു. ജെ.ബി.എസ്.ന്റെ ജൈത്രയാത്രയിൽ ഇനിയും പുരോഗതികൾ തേടിക്കൊണ്ടിരിക്കുന്നു.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ഹിന്ദി ഭാഷയെകുറിച്ചുള്ള അവബോധം<br>• ശാസ്ത്രാഭിമുഖ്യം വളർത്തൽ<br>• പ്രകൃതിയോട് ഇണങ്ങി ജിവിക്കുന്നതിന്<br>• ലൈബ്രറി ശാക്തീകരം<br>• വായനാ വസന്തം<br>• എഴുത്തുകൂട്ടം<br>• ദിനാചരണങ്ങൾ<br>• ഗണിതശാസ്ത്ര ലാംഗ്വേജ് ലാബുകൾ<br>• ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>• പച്ചക്കറി തോട്ടം<br>• പൂന്തോട്ടം<br>• ജൈവ വൈവിധ്യ പാർക്ക്<br>• സാമൂഹിക വികസനം<br>• ഫാർമേഴ്സ് ക്ലബ്ബ്<br>• എൽ.എസ്.എസ്. പരിശീലനം<br>• പ്രത്യേക പരിഗണനഅർഹിക്കന്നവർക്ക് “ശ്രദ്ധ” പദ്ധതി<br>• സമഗ്ര ഗണമേൻമ ലംക്ഷ്യം വച്ചുള്ള അക്കാദമിക പ്രവർത്തനങ്ങൾ<br>• കായികശേഷി വികാസം<br>• കലാ സാഹിത്യ വികാസം<br>• ഫീൽഡ് ട്രിപ്പുകൾ | • കളിസ്ഥലം<br>• വിവിധ ലാബുകൾ<br>• ലൈബ്രറി, ക്ലാസ്സ് ലൈബ്രറി<br>• വിവിധ മേളകൾ<br>• പുസ്തകത്തൊട്ടിൽ<br>• മാലിന്യ സംസ്കരണം<br>• സ്റ്റാഫ് മുറി<br>• അസംബ്ലി ഹാൾ<br>കലാപഠന സൗകര്യം<br>• കോർണർ പി.ടി.എ. ഒരുക്കൽ<br>• ഊട്ടുപുര<br>• വർണ്ണക്കൂടാരം<br>• പ്രീപ്രൈമറി ശാക്തീകരണം<br>• വാട്ടർ പ്യൂരിഫയറുകൾ<br>• അനുഭവ പഠനം<br>• പ്രീപ്രൈമറി ആക്ടിവിറ്റി റൂം<br>• ഐ.ടി. ലാബ്<br>• ഒ.എസ്.എ. സഹായത്തോടെ പുതിയ ലൈബ്രറി & റീഡിംഗ് റൂം<br>• ഉൾച്ചേർന്ന വിദ്യാലയ സൗകര്യം. | • വിദ്യാലയ വികസന സമിതി<br>• എം പി ടി എ, സി പി ടി എ മാതൃപരമാക്കുന്നതിനുള്ള നടപടികൾ<br>• ഭവന സന്ദർശനം<br>• പ്രാദേശിക പി ടി എ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• ദിനാചരണങ്ങളിൽ സാമൂഹിക പങ്കാളിത്തം<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>• പൊതുസമൂഹത്തിൽ നിന്നും വിഭവങ്ങൾ, സഹായങ്ങൾ ലഭ്യമാക്കൽ<br>• പങ്കാളിത്തപഠനം<br>• വീടൊരു വിദ്യാലയം<br>• ഒ.എസ്.എ. പങ്കാളിത്തം |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും വേദിയെ അഭിമുഖീകരിക്കുവാനുള്ള ഭാഷാ നൈപുണി | ക്ലാസ്സ് അസംബ്ലി തിങ്കൾ, ബുധൻ, ദിവസങ്ങളിൽ 1 മുതൽ 4 വരെയുള്ള കുട്ടികളുടെ നേതൃത്വത്തിൽ അസംബ്ലി നടത്തുന്നു. ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിലായുള്ള അസംബ്ലികൾ. പുസ്തക പരിചയം, പത്രവാർത്ത ലഘുപരീക്ഷണങ്ങൾ എന്നിവയുടെ അവതരണം പ്രാധാന്യ ദിനങ്ങളുടെ വിശദീകരണങ്ങൾ എന്നിവ നടത്തുന്നു. | ആഴ്ചയിൽ രണ്ട് ദിവസം | പുസ്തകങ്ങൾ, പത്രങ്ങൾ, പരീക്ഷണത്തിനാവശ്യമായ വസ്തുക്കൾ ചാർട്ടെഴുത്തുകൾ, പതിപ്പുകൾ | ക്ലാസ്സ് ടീച്ചർ | |
| 2. പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിനും മൂല്യങ്ങൾ വളർത്തുന്നതിനും ചുറ്റുപാടുകളെ അറിയുന്നതിനും | ഹരിതമൂല പ്രകൃതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ, ചിത്രരചന, പോസ്റ്റർ രചന, ക്ലാസ്സിലെ ഒരു ഭാഗം ഹരിത മൂലയ്ക്കായി മാറ്റി വയ്ക്കുന്നു. സിഡിപ്രദർശനം. ക്ലാസ് മുറിയിലും ഹരിതച്ചട്ടം പാലിക്കൽ | ആഴ്ചയിൽ രണ്ട് ദിവസം | ചാർട്ടുകൾ ചിത്രങ്ങൾ ക്രയോൺസ് സിഡി ഐ സി ടി | ക്ലാസ്സ് ടീച്ചർ | PTA SSA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 3. പൊതു ഭാഷനന്നായി കൈകാര്യം ചെയ്യുന്നതിന് ഭാഷാ നൈപുണികൾ ആർജ്ജിക്കുന്നതിന് അക്ഷരങ്ങൾ, വാക്യങ്ങൾ എന്നിവ തെറ്റുകൂടാതെ എഴുതുന്നതിനും വായിക്കുന്നതിനും ഭാഷാ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നതിന് | എന്റെ മലയാളം<br>• വായന മത്സരങ്ങൾ<br>• ക്ലാസ്സ് ലൈബ്രറി<br>• പുസ്തക പരിചയം<br>• വായന കുറിപ്പുകൾ<br>• തയ്യാറാക്കൽ<br>• പത്രവായന<br>• ക്ലാസ്സ് പത്രം<br>• അക്ഷരക്കൂട്ടം<br>• പതിപ്പുകൾ<br>• നിർമ്മാണം<br>• മാഗസിൻ<br>• ചുമർപത്രങ്ങൾ<br>• നിഘണ്ടു<br>• ഭാഷാകേളികൾ<br>• പോസ്റ്റർ<br>• നിർമ്മാണം<br>• CD പ്രദർശനങ്ങൾ<br>• ചിഹ്നങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനം<br>• സംയുക്ത ഡയറി<br>• സചിത്ര പുസ്തകം<br>• പഠനോപകരണ ശിൽപശാല<br>• പ്രദർശന ശിൽപ്പശാല | എല്ലാ ദിവസവും | ചാർട്ടുകൾ<br>സ്കെച്ച്ക്രയോൺസ്<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>A4 Sheet CD<br>ഐ സി ടി | ക്ലാസ്സ് ടീച്ചർ | BRC<br>PTA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 4. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ണിക്കുന്നതിന് | അക്ഷരക്കൂട്ടം, പദക്കൂട്ടം വാക്യക്കൂട്ടം എന്നിങ്ങനെ കുട്ടികളെ അവരുടെ നിലവാരത്തിനനുസരിച്ച് വിവിധ ഗ്രൂപ്പുകളാക്കുന്നു. കുട്ടികൾക്ക് അക്ഷരങ്ങൾ എഴുതിയ കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കുന്നതിനും ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ ഉണ്ടാക്കുന്നതിനും വാക്യങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ | ദിവസവും 1 പിരിയഡ് | ചാർട്ട് മാർക്കർ | ക്ലാസ്സ് ടീച്ചർ | BRC<br>SMC<br>PTA |
| | ആശയ വിനിമയവേദി ക്ലാസ് തലം സ്കൂൾ തലം വിവിധ ലിഖിത രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ദിവസവും | | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 5. ഭാഷാ വികസനം | ലാംഗ്വേജ് ലാബ്<br>• സ്മാർട്ട് ക്ലാസ് റൂം<br>• ഭാഷാ സാഹിത്യ ശേഖരങ്ങൾ<br>• ചിത്രീകരണങ്ങൾ<br>• സ്കിറ്റ്<br>• നാടകം | മാസത്തിലൊരിക്കൽ | മുഖം മൂടികൾ<br>പുസ്തങ്ങൾ<br>ഐടിസി | ക്ലാസ്സ് ടീച്ചർ | BRC<br>PTA |
| | റേഡിയോ സ്കൂൾ ഇന്റർവെൽ സമയത്ത് കുട്ടികളുടെ റേഡിയോ മൈക്കിലൂടെ പരിപാടികൾ അവതരിപ്പിക്കൽ<br>വാർത്താവായന | ആഴ്ചയിൽ രണ്ട് ദിവസം | മൈക്ക്<br>സ്പീക്കർ | ക്ലാസ്സ് ടീച്ചർ | PTA<br>SMC |
| 6. ശ്രദ്ധ, മലയാളത്തിളക്കം പദ്ധതി | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള വിവിധ ഭാഷാപഠന പ്രവർത്തനങ്ങൾ | എല്ലാ ദിവസവും അരമണിക്കൂർ | അക്ഷരമാലാ ചാർട്ട്, ചെറിയ പുസ്തകങ്ങൾ പദങ്ങൾ വാക്യങ്ങൾ വാചകങ്ങൾ എന്നിവയുടെ ഫ്ളാഷ്കാർഡ് | ക്ലാസ്സ് ടീച്ചർ | PTA<br>BRC<br>School |
| 7. വിവിധ ഗ്രന്ഥശാലകളുടെ സന്ദർശനം. | പ്രാദേശികമായ വായനശാലകൾ സന്ദർശിച്ച് വിവരശേഖരണം, പുസ്ത പരിചയം. | ജൂൺ<br>ജൂലൈ | സ്കൂൾ<br>വാഹനലഭ്യത | HM<br>ക്ലാസ്സ് ടീച്ചർ | SMC |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 8. സർഗ്ഗ കഴിവുകളുടെ വികസനം<br>കലാകായിക ശേഷീ വികാസം | **ചിത്രരചനക്യാമ്പ്**<br>ചരിത്രരചനാ ക്യാമ്പ് മലർക്കൂട്ടം നൃത്ത ക്ലാസ്സ് സംഗീത ക്ലാസ്സ് ക്രാഫ്റ്റ് | ആഴ്ചയിൽ 1 പിരിയഡ് | ചിത്രംവര പുസ്തകങ്ങൾ ചാർട്ട് ക്രയോൺസ് കളർ പേപ്പറുകൾ | ക്ലാസ്സ് ടീച്ചർ<br>വിദ്യാരംഭം | PTA<br>SMC<br>BRC |
| **ഇംഗ്ലീഷ്**<br>1. ഇംഗ്ലീഷ് പഠനപരിപോഷണം | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി എല്ലാ പരിപാടികളും ഇംഗ്ലീഷിൽ ഓരോ ക്ലാസ്സിലും ചുമതല My English World Note book | തിങ്കൾ ബുധൻ 10 മിനിറ്റ്<br>ക്ലാസ്റൂം ആക്ടിവിറ്റി | | ക്ലാസ്സ് ടീച്ചർ | |
| 2. തെറ്റില്ലാതെയും അനായസവും എഴുതുവാനും വായിക്കുന്നതിനും | ലെറ്റർ ഗ്രൂപ്പ്, World Group Sentence Group രൂപൂകരിക്കുന്നു. പദങ്ങൾ, വാക്യങ്ങൾ എന്നിവ നിർമ്മിക്കുന്നു. Sentance Card, Word Card പദകേളികൾ<br>ഇംഗ്ലീഷ് സാഹിത്യകാരന്മാരെ പരിചയപ്പെടൽ.<br>ഇംഗ്ലീഷ് പത്ര വായന | | അക്ഷരങ്ങൾ<br>ചിത്രങ്ങൾ<br>ഫ്ളാഷ് കാർഡുകൾ<br>പത്രക്കട്ടിംഗുകൾ | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 3. ഇംഗ്ലീഷ് ഭാഷാ വികസനം | ഇംഗ്ലീഷ് ഡയറി കുട്ടികൾ ദിവസവും ഇംഗ്ലീഷ് ഭാഷയിൽ ഡയറി തയ്യാറാക്കുന്നു. പുസ്തകങ്ങൾ വായിക്കുന്നതിനും അതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തി എഴുതുന്നതിനുമുള്ള പ്രവർത്തനം | ദിവസവും<br>ആഴ്ച യിൽ ഒരിക്കൽ | പുസ്തകങ്ങൾ | ക്ലാസ്സ് ടീച്ചർ | PTA<br>SMC<br>BRC |
| | ഇന്നത്തെ വാക്ക് ക്ലാസിലൊരുക്കിയിരിക്കുന്ന ചാർട്ടിൽ ഓരോ കുട്ടിയും അന്ന് കുട്ടി കണ്ടെത്തിയ ഒരു ഇംഗ്ലീഷ് വാക്ക് എഴുതുന്നു. ഇതിലൂടെ കുട്ടിയുടെ ഢീരമയൗ;മ്യ വികസിക്കുന്നു. | ദിവസവും | പുസ്തകങ്ങൾ | | |
| | ആശയവിനിമയവേദി ക്ലാസ് തലം സ്കൂൾ തലം വിവിധ ലിഖിത രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ദിവസവും | ചാർട്ട് മാർക്കർ | ക്ലാസ്സ് ടീച്ചർ | SSA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 4. ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠഭാഗത്തെ അടിസ്ഥാനമാക്കിയിട്ടുള്ള drama, Conversation Skit ഓരോ മാസവും എന്തെങ്കിലും ഒരു വിഷയത്തിൽ ഇംഗ്ലീഷിൽ ലെറ്റർ തയ്യാറാക്കൽ, കഥാരചന എന്നിവ smart class room, Cwroojv drama, Skit, Rhymes കാണുന്നതിനുള്ള അവസരം Spoken English Class | പ്രതിമാസ പരിപാടി<br>ആഴ്ച യിൽ ഒരിക്കൽ | പ്രവർത്തനത്തിനനുസരിച്ച്<br>ലാപ്ടോപ് | ക്ലാസ്സ് ടീച്ചർ | PTA<br>PTA SMC |
| 5. സ്പോക്കൺ & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ | ആഴ്ചയിൽ രണ്ട് പിരിയഡ് Spoken English Class നായി മാറ്റി വയ്ക്കുന്നു. ഇംഗ്ലീഷ് കോർണർ | 2 പിരിയഡ് | | Spoken English Teacher | PTA |
| 6. ഇംഗ്ലീഷ് പുസ്തക സമാഹരണം പ്രദർശനം | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ഒരുക്കൽ പ്രദർശനം എന്നിവയിലൂടെ ഭാഷാ പരിപോഷണ സാധ്യത വർദ്ധിപ്പിക്കുന്നു. | ആഴ്ചയിലൊരിക്കൽ | | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| **<u>ശാസ്ത്രം</u>**<br>1. ശാസ്ത്രീയ മനോഭാവം വളർത്തൽ, ശാസ്ത്രീയ ലാബ് സജ്ജീകരണങ്ങൾ | സെമിനാർ സമയം പഠനം ശാസ്ത്ര ലാബ് സജ്ജീകരണം ലഘു പരീക്ഷണങ്ങൾ ചെയ്ത് നോക്കാനുള്ള അവസരങ്ങൾ ഒരുക്കൽ, അന്വേഷണ പ്രോജക്ടുകൾ | മാസത്തിലൊരിക്കൽ | | SRG | PTA<br>SMC |
| 2. പ്രാദേശിക പഠനയാത്ര ഒരുക്കൽ | Fieldtrips | ആഴ്ചയിലൊരിക്കൽ | പരീക്ഷണത്തിനാവശ്യമായ വസ്തുക്കൾ | സയൻസ് ക്ലബ്ബ് | PTA<br>BRC |
| | ജൈവ വൈവിധ്യ സ്ഥലങ്ങൾ സന്ദർശിക്കൽ, അഭിമുഖം, പ്രാദേശിക കലാരൂപങ്ങൾ കാണാനുള്ള അവസരങ്ങൾ, ശാസ്ത്ര മേളകൾ | ആവശ്യമനുസരിച്ച് | | സയൻസ് ക്ലബ്ബ് | PTA |
| 3. ഗവേഷണ രീതി പരിചയപ്പെടുത്തുക. | പൊതു അസംബ്ലിയിൽ ലഘുപരീക്ഷണങ്ങൾ അവതരണം | ആഴ്ചയിൽ 3 ദിവസം | | ക്ലാസ് ടീച്ചർ | |
| 4. ശാസ്ത്ര ഹോബി വളർത്തൽ | Stamp Collection, leaf Collection, വിത്ത്, തൂവൽ, ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ | പാഠ്യാനുബന്ധ സന്ദർഭം | | | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| **<u>സാമൂഹ്യശാസ്ത്രം</u>**<br>1. സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ, ഉൾപ്പെടുന്ന സാമൂഹ്യ ശ്സാത്ര വായനാമുറി ഒരുക്കൽ മോക്ക് പാർലമെന്റ് സ്മാർട്ട് ക്ലാസ്സ് റൂം സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങളുടെ CD പ്രദർശനം വിവിധതരം കളക്ഷൻസ്<br><br>എൽ. പി. വിഭാഗം<br>പെൺകുട്ടികൾക്ക് ബുൾ ബുൾ<br><br>പ്രീപ്രൈമറി വിഭാഗം കുട്ടികൾക്ക് ബണ്ണീസ് | ആഴ്ചയിലൊരിക്കൽ | പുസ്തകങ്ങൾ ഗ്ലോബ് അറ്റ്ലസ്<br><br>വിവിധ ശേഖരങ്ങൾ | സാമൂഹ്യ ശാസ്തര ക്ലബ് | PTA SMC |
| 2. വിവിധ ദിനാചരണങ്ങളോടനുബന്ധിച്ചുള്ള ഭൂപട നിർമ്മാണം | കേരളം, ഇൻഡ്യ തുടങ്ങിയ ഭൂപട നിർമ്മാണ പ്രവർത്തനങ്ങൾ, പതിപ്പ് നർമ്മാണം, പ്രദർശനം. | ആവശ്യാനുസരണം പഠാനുബന്ധം | ചാർട്ടുകൾ വെള്ളപേപ്പറുകൾ പുസ്തകങ്ങൾ | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| **ഗണിതം മധുരം**<br>1. ഗണിത ശേഷികൾ ഉറപ്പിക്കുന്നതിന്<br>2. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത കോർണർ ജ്യാമിതീയ രൂപങ്ങൾ സംഖ്യാചിത്രങ്ങൾ സ്ഥാനവില, പോക്കറ്റ് അബാക്കസ്, ജനറൽ കമ്പികളിൽ മുത്തുകൾ വള എന്നിവയിട്ട് അബാക്കസ് ഉണ്ടാക്കുന്നു. | ആവശ്യാനുസരണം | ചാർട്ട് മാർക്കർ മുത്തുകൾ വളകൾ<br>ജ്യാമിതീയ രൂപങ്ങൾ അബാക്കസ് ഗണിത ഉപകരണങ്ങൾ | ക്ലാസ്സ് ടീച്ചർ SRG<br>ഗണിത ക്ലബ് SRG | PTA |
| 3. ഗണിതം മധുരതരമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ്, സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്താൻ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് സജ്ജമാക്കൽ | ആവശ്യാനുസരണം<br>ഒരു പ്രാവശ്യം | കളി ഉപകരണങ്ങൾ | ഗണിത ക്ലബ് | PTA |
| 4. ഗണിത വിജയം | ഗണിത പഠന സാധ്യത ലഘൂകരിക്കൽ | | ഗണിത വസ്തുക്കൾ | | |
| 5. ഗണിതക്കിറ്റ് ഒരുക്കൽ | ഓരോ കുട്ടിയും തങ്ങൾക്ക് ലഭ്യമാകുന്ന മൂർത്തമായ ഗണിത വസ്തുക്കൾ ശേഖരിക്കൽ | | | | |
| 6. ഗണിത കേളികൾ | ശേഖരിച്ചവയും അല്ലാത്തവയുമായ വസ്തുക്കൾ ഉപയോഗിച്ച് കേളികളിലേർപ്പെടൽ | ആവശ്യാനുസരണം പാമ്പും കോണിയും ലുഡോ ബോർഡ് ഉപയോഗം. | ലുഡോ ബോർഡ് പാമ്പും കോണിയും ഡയസ് | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 7. ഗണിതം ഗണിതപഠനം രസകരമാക്കുന്നതിന് ഗണിതപഠനം ചുറ്റുപാടുകളിൽ നിന്ന് | Steps ൽ സങ്കലനപട്ടിക ഗുണനപ്പട്ടിക എന്നിവ ആലേഖനം ചെയ്യുന്നു. ചുമരുകളിൽ ജ്യാമിതീയ ചിത്രങ്ങൾ കൊണ്ട് മനോഹരമാക്കുന്നു. കുട്ടികൾ നടത്തുന്ന ഒരു സ്റ്റോർ തുടങ്ങുന്നു. ഇതിലൂടെ നാണയ വിനിമയം, രൂപാ സങ്കലനം, വ്യവകലനം എന്നീ ശേഷികൾ ഉറപ്പിക്കുന്നതിന് | ഒരു പ്രാവശ്യം | തൂണുകൾ മനോഹരമാക്കുന്നതിനാവശ്യമായ വസ്തുക്കൾ | PTA | സ്പോൺസർഷിപ്പ് |
| | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യമനുസരിച്ച് | സ്റ്റോറിലേക്ക് ആവശ്യമായ വസ്തുക്കൾ മുറി സൗകര്യം | ഗണിത ക്ലബ് കോർഡിനേറ്റർ | PTA |
| | മഞ്ചാടിസഞ്ചി | | | | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| **<u>അറബി ഭാഷാ നൈപുണ്യം</u>**<br>1. ലോകഭാഷകളിൽ മൂന്നാം സ്ഥാനം നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | 1. മികവിന്റെ വഴിയിൽ മുന്നറിവ് പരിശോധന അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ ഭാഷാകളികൾ | 2 മാസം | പുസ്തകങ്ങൾ വർക്ക്ഷീറ്റുകൾ സിഡികൾ | അറബിക് ടീച്ചർ | BRC<br>SMC<br>PTA |
| 2. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ | 2. വായനാ വസന്തം ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി വായനാകുറിപ്പുകൾ അറബിക് പത്രവായന | 6 മാസം | പത്രങ്ങൾ മാഗസിനുകൾ പുസ്തകങ്ങൾ | അറബിക് ടീച്ചർ | PTA<br>SMC |
| 3. അറബിക് കലോൽസവ പരിശീലനം | 3. എഴുത്തുത്സവം എഴുത്തുകൂട്ടം പതിപ്പുകളുടെ നിർമ്മാണം മാഗസിൻ ചുമർപത്രങ്ങൽ പോസ്റ്ററുകൾ | 12 മാസം | അസംബ്ലി ചാർട്ടുകൾ പത്രങ്ങൾ | അറബിക് ടീച്ചർ | PTA |
| 4. പ്രതിഭാസംഗമം | 4. അറബിക് കമ്മ്യൂണിക്കേഷൻ ആശയ വിനിമയ വേദി അറബിക് മേള ഭാഷ പ്രദർശനം | 12 മാസം | | അറബിക് ടീച്ചർ | PTA<br>SMC |
| | അറബിക് അധ്യാപകന്റെ നേതൃത്വത്തിലുള്ള മികവാർന്ന പരിശീലനങ്ങൾ | സ്കൂൾ കലോത്സവം<br>ഉപജില്ലാ കലോത്സവം | | അറബിക് അധ്യാപകർ | PTA<br>SMC |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 5. ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് | ലാംഗേജ് ലാബ് സ്മാർട്ട് ക്ലാസ്റൂം<br>● അറബി ഭാഷ<br>● സാഹിത്യശേഖരങ്ങൾ<br>● ചിത്രീകരണങ്ങൾ<br>● ആനിമേഷൻ | 6 മാസം | CD<br>I.C.T. | അറബിക് ടീച്ചർ | സ്പോൺസർഷിപ്പ് |
| **ഹിന്ദി പഠനം**<br>രാഷ്ട്ര ഭാഷ<br>ശ്രേഷ്ഠ ഭാഷ<br>ഹിന്ദി ഭാഷയെ കുറിച്ച് അവബോധം സൃഷ്ടിക്കൽ ഹിന്ദി ദിനാചരണം | ● അസംബ്ലി<br>● ഹിന്ദി ഭാഷ, ആഴ്ചയിൽ ഒരു ദിവസത്തെ ഹിന്ദി ടീച്ചറുടെ നേതൃത്വത്തിൽ ക്ലാസ് സിഡി പ്രദർശനം | ആഴ്ചയിൽ ഒരു ദിവസം | CD | SRG<br>PTA | PTA |
| **എൽ.എസ്.എസ്. – അക്കാദമീകത്തിന്റെ ഉന്നതതലം** | | | | | |
| എൽ.എസ്.എസ്<br>മികവാർന്ന വിജയം കൈവരിക്കൽ | ● പ്രത്യേക പരിശീലം<br>● പൊതുവിജ്ഞാനം വളർത്തൽ<br>● ഓരോ യൂണിറ്റിലെയും മാതൃകാ ചോദ്യങ്ങളിലൂടെ പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | മാതൃകാ ചോദ്യ പേപ്പറുകൾ<br>ITI GK പുസ്തക റഫറൻസ് | അധ്യാപകർ | PTA |
| **പരിസ്ഥിതികൂട്ടായ്മ**<br>1. പച്ചക്കറിത്തോട്ടം കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം | വർഷത്തിൽ ഒരിക്കൽ | ചെടികൾ വിത്തുകൾ | Nature Club | PTA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 2. പൂന്തോട്ടം ഒരുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ പൂന്തോട്ടം ഒരുക്കൽ | വർഷത്തിൽ ഒരിക്കൽ | സ്ഥലസൗകര്യം ചെടികൾ | Nature club | PTA |
| 3. പ്രകൃതിയെ അടുത്തറിയാനുള്ള സൗകര്യം ഒരുക്കൽ | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | സ്ഥലസൗകര്യം ചെടികൾ | Nature club | അനുവദിച്ച തുക |
| <u>വായനാവസന്തം</u> | | | | | |
| 1. ജന്മദിനത്തിനൊരു പുസ്തകം | ജന്മദിനത്തിൽ പിറന്നാളിനൊരു പുസ്തകം എന്ന പ്രവർത്തനം. പിറന്നാൾ കുട്ടി സ്കൂൾ ലൈബ്രറിയിലേയ്ക്ക് ഒരു പുസ്തകം നൽകുന്നു. | എല്ലാ ജന്മദിനങ്ങളിലും | - | ക്ലാസ് ലീഡർ | |
| 2. പുസ്തകത്തൊട്ടിൽ | രക്ഷാകർത്താക്കൾ മറ്റ് വ്യക്തികൾ എന്നിവർക്ക് പുസ്തകം നൽകുന്നതിന് വിദ്യാലയ മുറ്റത്ത് ഒരു പുസ്തകത്തൊട്ടിൽ സ്ഥാപിക്കുന്നു. ആർക്ക് വേണമെങ്കിലും പുസ്തകം നിക്ഷേപിക്കാം. | | | SRG | SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല/ സാമ്പത്തീകം |
|---|---|---|
| 1. പ്രീ പ്രൈമറി പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്<br><br>2. ആവശ്യമായ ക്ലാസ്സ് മുറികളുടെ ലഭ്യത<br><br>3. ലാബ് സൗകര്യം ഒരുക്കൽ<br><br>4. ക്ലാസ്സ് ലൈബ്രറി<br><br>5. ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തൽ<br><br>6. ആവശ്യമായ ഫർണീച്ചറുകൾ | പ്രീപ്രൈമറി തലം മുതൽ അഞ്ഞൂറോളം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ ക്ലാസ്സ് മുറികൾ ആവശ്യത്തിന് ലഭ്യമാക്കണം. ഗണിത ലാബ്, ശാസ്ത്ര ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ ധാരാളം പ്രവർത്തനങ്ങൾ. | പഞ്ചായത്ത്<br>പി ടി എ<br>എം പി ടി എ<br>എസ് ആർ ജി<br>എസ് എം സി<br>വിദ്യാഭ്യാസ വികസനസമിതി<br>പൂർവ്വ വിദ്യാർത്ഥികൾ |
| 7. അസംബ്ലി ഹാൾ | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി അസംബ്ലികൂടുന്നതിന് ഉതകുന്ന അസംബ്ലി ഹാൾ. | |

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തീകം |
|---|---|---|---|
| മികവുകളുടെ അവതരണം | ദിനാചരണങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നു. | SRG | PTA<br>SMC |
| | പഠനമികവുകൾ പൊതു ഇടങ്ങളിൽ പ്രദർശിപ്പുക്കുന്നു. | PTA<br>MPTA<br>SMC | |
| | സ്കൂൾ മാഗസിൻ എല്ലാ വീടുകളിലും എത്തിക്കൽ | | സ്പോൺസർഷിപ്പ് |
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | ഭവനസന്ദർശനം, കാര്യക്ഷമമായ ഇജഠഅ, ജഠഅ, ജനറൽ ബോഡി കൂട്ടായ്മകൾ | SMC<br>OSA<br>PTA | |
| | ലൈബ്രറി പുസ്തകങ്ങൾ പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമായ രീതിയിൽ ഛടഅ യുടെ സഹായത്തോടെ നിർമ്മിക്കുന്ന ലൈബ്രറി & റീഡിംഗ് റൂം. എഡിറ്റോറിയലുകൾക്ക് പ്രകാശനവേദി. മറ്റു പുസ്തക പ്രകാശനങ്ങൾ പ്രദർശനങ്ങൾ ചർച്ചകൾ സംവാദകർ എന്നിവയ്ക്കവസരം ഒരുക്കൽ. | | |

# ആരോഗ്യ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1. ഹെൽത്ത് ക്ലബ്ബ് | കുട്ടികളെ അംഗങ്ങളായി തെരഞ്ഞെടുത്ത് ക്ലബ്ബ് രൂപീകരണം | ഹെൽത്ത് ക്ലബ്ബ് കൺവീനർ | |
| 2 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ | മെഡിക്കൽ ക്യാമ്പുകൾ പരിസരത്തുള്ള നാട്ടു കാരെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് നടത്തുന്ന സെമി നാറുകൾ, വയോജനപരി പാലനക്ലാസുകൾ, ആരോഗ്യ സർവ്വേകൾ എന്നിവ സംഘടിപ്പിക്കൽ<br><br>Awareness ക്ലാസ്സുകൾ സ്കൂളിൽ നടക്കുന്ന ഓരോ പ്രവർത്തനവും ദൃശ്യശ്രവ്യ മാധ്യമങ്ങൾ, പത്ര ങ്ങൾ എന്നിവയിലൂടെ ജന ങ്ങളിൽ എത്തിക്കുന്നു. | FHC കുന്നുകര<br><br>ചാലാക്ക ശ്രീനാ രായണ മെഡി ക്കൽ കോളേജ് | SNM College ചാലാക്ക |
| 3 വിര വിമുക്തം, മലേറിയ തുടങ്ങിയ ദിനാചരണ ങ്ങൾ | വിരഗുളിക വിതരണം കുന്നുകര FHC യുടെ സഹായത്തോടെ നടപ്പാ ക്കുന്നു. | | |
| 4 അയേൺ ഗുളിക വിതരണം | സ്കൂൾ ഹെൽത്ത് നഴ്സ് ഉച്ചഭക്ഷണ പദ്ധതി എന്നിവയുമായി ബന്ധ പ്പെട്ട് ആഴ്ചയിലൊരിക്കൽ വിതരണം ചെയ്യുന്ന അയേൺ ഗുളിക ഉച്ചഭക്ഷ ണശേഷം. | ഹെൽത്ത് ക്ലബ് കൺവീനർ | |

| | | | |
|---|---|---|---|
| | അങ്കണവാടി കലോത്സവം<br>പഠനയാത്രകൾ അഭിമുഖ ങ്ങൾ | PTA<br>SRG | PTA<br>SMC<br>SRG |

## പ്രതീക്ഷിത നേട്ടങ്ങൾ

പദ്ധതി നടപ്പിലാക്കുന്നതോടെ

- ശിശു സൗഹൃദപരമായ അന്താരാഷ്ട്ര നിലവാരമുള്ള പഠനഅന്തരീക്ഷം ഒരുക്കന്നു.
- സർക്കാർ വിദ്യാലയത്തിലേയ്ക്ക് കൂടുതൽ കുട്ടികൾ
- സ്കൂളുകളും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്നു.

## മോണിട്ടറിംഗ് രീതി

PTA, MPTA, HM, SRG പഞ്ചായത്ത് തലം, SMC, OSA എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.